മെൺണ്ടിലേയ്ക്ക് എടുത്ത എന്ന കണക്കാക്കപ്പെട്ടിരിക്കുന്നതു് എന്തടിസ്ഥാനത്തിന്മേലാണു്;

(ബി) കൊച്ചി വിഭാഗത്തിൽനിന്നും എടുത്ത നെല്ലിന്റെ കണക്കിൽ, റേഷൻപ്രകാരം നിലം ഉടമസ്ഥക്ക് വിട്ടുകൊടുത്ത നെല്ലിന്റെ കണക്കുകൂടി ഉൾപ്പെടുത്തിയിട്ടുള്ളപ്പോൾ, തിരുവിതാംകൂർ വിഭാഗത്തിൽ അപ്രകാരം ചെയ്തിട്ടില്ലെന്നുള്ള ആരോപണം ശരിയാണോ;

(സി) ആണെങ്കിൽ ഇപ്രകാരം തെറ്റായ ഒരു കണക്കു പ്രസിദ്ധപ്പെടുത്തിയതിനു് ഉത്തരവാദി ആരു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൯൫൭-ൽ തിരുവിതാംകൂർ വിഭാഗത്തിൽനിന്നു് ൨൫,൦൪,൫൦൦ പറ നെല്ലും കൊച്ചി വിഭാഗത്തുനിന്നു ൩൫,൫൫,൯൩൦ പറ നെല്ലും ആണു് ഗവണ്മെണ്ടിലേയ്ക്കു് എടുത്തിട്ടുള്ളതു്. ഇതു് കർഷകരിൽനിന്നും ഗവണ്മെണ്ടു് വിലയ്ക്കു് വാങ്ങിച്ച നെല്ലിന്റെ കണക്കാണു്.

(ബി) അല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ഗവണ്മെണ്ടു് ജീവനക്കാർക്കു് വിദ്യാഭ്യാസ സൌകര്യം

*൫൬൪. (൩൫൪) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

ഇന്നു് ഗവണ്മെണ്ടു് സർവ്വീസിലിരിക്കുന്നവരും, കാളേജു് വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടില്ലാത്തവരുമായ ഉദ്യോഗസ്ഥന്മാർക്കു് അവരുടെ കോഴ്സുകൾ പൂർത്തിയാക്കുന്നതിനും പരീക്ഷകൾക്കു ചേരുന്നതിനുമുള്ള സൌകര്യം ഗവണ്മെണ്ടിൽനിന്നും നിഷേധിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

കോളേജു് കോഴ്സുകൾ പൂർത്തിയാക്കുന്നതിനു് കഴിഞ്ഞയാണ്ടുവരെ അവധി അനുവദിച്ചിട്ടുള്ളവർക്കു് അതേ കോഴ്സുകൾ പൂർത്തിയാക്കുന്നതിനുമാത്രം ഇടയ്ക്കു അവധി അനുവദിക്കുന്നതല്ലാതെ, മറ്റാർക്കും പ്രസ്തുത ആവശ്യത്തിനുവേണ്ടി അവധി അനുവദിക്കുന്നതല്ലെന്നു ഗവണ്മെണ്ടു കല്പന പാസ്സാക്കിയിട്ടുണ്ടു്.

കാളേജു് പ്രവേശനം

*൫൬൫. (൩൫൫) ശ്രീ. ടി. എം. സന്നലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ.—

(എ) പിന്നോക്കസമുദായങ്ങളിൽനിന്നും അപേക്ഷിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്കും കാളേജിൽ പ്രവേശനം നൽകീട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രവേശനം കിട്ടാത്തവർ എത്ര പേർ; ഏതെല്ലാം സമുദായങ്ങളിൽനിന്നു്?

വ്യവസായവും എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ & ബി) പിന്നോക്കസമുദായങ്ങളിൽനിന്നും അപേക്ഷിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥിനിവിദ്യാർത്ഥികൾക്കും കാളേജുകളിൽ പ്രവേശനം നൽകണമെന്നു നിർദ്ദേശിച്ചിരുന്നു. ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനു വേണ്ടി വരുന്ന സമയവും ക്ലേശവും അതിനാൽ ഉണ്ടാകാവുന്ന പ്രയോജനത്തിനു് ഒട്ടും അനുയോജ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly